(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ കെ. എസ്. ഇ. ബി. യ്ക്ക് ഏറ്റവും നല്ല വരുമാന മാർഗ്ഗം കൂടിയായ ഇവിടം ടൂറിസ്റ്റ് കേന്ദ്രമാക്കാൻ ഒരു പദ്ധതിക്ക് രൂപം നൽകുമോ ?

ഉത്തരം

(എ) കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതോടു കൂടി ഇതിന്റെ ഭാഗമായ ബാണാസുരസാഗർ ജലസംഭരണി ഉൾപ്പെടുന്ന ഏകദേശം 1400 ഹെക്ടർ പ്രദേശത്ത് ഹൈഡൽ ടൂറിസം സൊസൈറ്റി മുഖേന ആസൂത്രിതമായി ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ 16-12-2004-ൽ കൂടിയ ഹൈഡൽ ടൂറിസം സൊസൈറ്റി ഗവേണിംഗ് ബോഡി തീരുമാനമെടുത്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ജലസംഭരണിയിലുള്ള ചെറുതും വലുതുമായ ഏകദേശം 35 ദ്വീപുകളുടെയും ജലസംഭരണിയുടേയും ജലാധിഷ്ഠിത ടൂറിസം സാധ്യത ഉൾപ്പെടുത്തി പ്രകൃതിക്കനുയോജ്യമായ രീതിയിൽ ഒരു മെഗാ ടൂറിസം പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

(സി) ഉദിക്കുന്നില്ല.

വൈദ്യുതി മോഷണം

22 [1919] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുത മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി ; ഇതിൽ വ്യക്തികൾ, സ്വകാര്യ സ്ഥാപനങ്ങൾ, മറ്റ് വിവിധ വിഭാഗങ്ങൾ എത്രയെന്ന് താലൂക്കടിസ്ഥാനത്തിൽ ജില്ലതിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

649 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി മോഷണം തടയാൻ നടപടി

23 [1920] ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
" തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിമോഷണം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly